## 8. ബോട്ടുകളിൽ ഉപയോഗിക്കുന്ന

## ജീവൻരക്ഷാ ഉപകരണങ്ങൾ

**8.1.ലൈഫ് ജാക്കറ്റ്**

ഇത് ഒരു വ്യക്തിക്കുമാത്രം ഉപയോഗിക്കാവുന്ന ഉപകരണമാണ്. ഇത് നെഞ്ച് ഭാഗത്ത് ധരിക്കുന്ന ഉടുപ്പാണ്. ഇതും ധരിച്ച് വെള്ളത്തിൽ വീണാൽ ആ വ്യക്തി മുങ്ങിപ്പോകുന്നതല്ല.

**8.2.ലൈഫ്ബോയ**

വൃത്താകൃതിയിൽ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു വസ്തുവാണ് ലൈഫ്ബോയ. അതിൽ അഞ്ചു പേർക്ക് വരെ ഒരേ സമയം പിടിച്ചുകൊണ്ട് വെള്ളത്തിൽ പൊങ്ങിക്കിടക്കുവാൻ സാധിക്കും. ഇങ്ങനെ പിടിക്കുന്നതിനുവേണ്ടി ബോയയ്ക്കു ചുറ്റും കയർ വളയങ്ങൾ ചേർത്തു പിടിപ്പിച്ചിട്ടുണ്ട്.

**8.3.ബോയൻറ് അപ്പാരറ്റസ്**

ലൈഫ്ബോയയുടെ ഒരു വികസിത രൂപമാണ് ബോയൻറ് അപ്പാരറ്റസ്. ദീർഘചതുരാകൃതിയിലുള്ള ഇതിൽ ഒരേ സമയം അധികം പേർക്ക് പിടിച്ചു കിടക്കാം. പല വലിപ്പത്തിൽ ഇത് ലഭ്യമാണ്.

**8.4അഗ്നിശമന ഉപകരണങ്ങൾ**

**8.4.1.മണൽ, ജലം എന്നിവ നിറച്ച ബക്കറ്റുകൾ**

ഇവ തീപിടുത്തം ഉണ്ടാകുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുന്നു. 9 ലിറ്റർ ജലം നിറച്ച അടിഭാഗം ഉരുണ്ട ബക്കറ്റുകളാണ് ഇതിനുപയോഗിക്കുന്നത്. ജലം ദൂരേക്ക് ശക്തിയായി എറിയുന്നതിന് അനുയോജ്യമായ രീതിയിൽ അടിഭാഗത്തോ, വശങ്ങളിലോ പിടിക്കുവാനുള്ള സൗകര്യവുമുണ്ടായിരിക്കണം.

**8.4.2.അഗ്നിശമനികൾ (Fire Extinguishers)**

പ്രാഥമിക അഗ്നിശമന ഉപകരണങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അഗ്നിശമനികൾ. അഗ്നി ബാധയുടെ പ്രാരംഭഘട്ടത്തിൽ ഉപയോഗിച്ചാൽ ഏതു തീപിടിത്തവും അഗ്നിശമനികൾ കൊണ്ട് കെടുത്തുവാൻ കഴിയും.

വകുപ്പിന്റെ ബോട്ടുകൾക്ക് 22 മീറ്ററിൽ കൂടുതൽ നീളം ഉള്ളതിനാൽ ക്ലാസ് 1 വിഭാഗത്തിൽ പെടുന്നു. ആയതിനാൽ ഒരു ബോട്ടിലേക്ക് ബോട്ട് മാസ്റ്റർ-1, സ്രാങ്ക്-1, ഡ്രൈവർ-1, ലാസ്കർ-2 എന്നിവർ വേണം. കൂടാതെ അനുവദനീയമായ യാത്രക്കാരുടെയും, ജീവനക്കാരുടെയും എണ്ണത്തിന്റെ അൻപത് ശതമാനം ലൈഫ് ജാക്കറ്റുകളും, അതിൽ പത്ത് ശതമാനം കുട്ടികൾക്കായുള്ള ലൈഫ് ജാക്കറ്റുകൾ ആവശ്യമാണ്. അവശേഷിക്കുന്ന അൻപത് ശതമാനം പേരുടെ സുരക്ഷക്കായി ആവശ്യമായ ലൈഫ് ബോയകളും, ബോയൻറ് അപ്പാരറ്റസും ഉപയോഗിച്ചുവരുന്നു.